നം.കെഎസ്എ.കെടിഎം.പി.12/186/2020 തീയതി 16.03.2020

# കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

**കോട്ടയം** ജില്ലയിലെ **വിജയപുരം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.09.18 മുതൽ 31.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 13.2.2020ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു സി. ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.02.2020 - 13.02.2020 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സജി. പി.ആർ., ഓഡിറ്റ് ഓഫീസർ<br>ശ്രീമതി വി. ലേഖ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ഡാനിമോൾ കെ.ജെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ഷീല വി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ ബാബുരാജ് കെ. ബി., ഓഡിറ്റർ (ഹ.ഗ്രേഡ് ) |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സിസി ബോബി | 01.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീ ജി.എൻ. ഹരികുമാർ | 01.04.2018-21.06..2018 |
| | ശ്രീമതി ബിന്ദു പി.വി. | 22.06.2018-31.03.2019 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ മെർലിൻ അലക്സാണ്ടർ | 01.04.2018-31.03.2019 |
| കൃഷി ഓഫീസർ | ശ്രീ. പ്രദീപ് കെ.എസ്. | 01.04.2018-17.08.2018 |
| | ശ്രീ. പ്രസന്നകുമാർ ആർ. | 18.08.2018-29.08.2018 |

| | | |
|---|---|---|
| | ശ്രീ. ഡെന്നീസ് ജോർജ് | 30.08.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | ഡോ. ഷീജാ തങ്കപ്പൻ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. ഡോൺ എബ്രഹാം<br>ഡോ. ലൗലി ഫിലിഫ് | 01.04.2018-10.09.2018<br>11.09.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ഉമാദേവി | 01.04.2018-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അനിപ്രിയ | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി റെജിമോൾ പി.പി. | 01.04.2018-31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ജയലക്ഷ്മി എൻ. | 01.04.2018-31.03.19 |
| എച്ച്.എം, ഗവ. യു.പി.സ്കൂൾ, നട്ടാശ്ശേരി | ശ്രീമതി കെ.വൈ. ഷംല | 01.04.2018-31.03.19 |
| വി.ഇ.ഒ | ശ്രീ അനൂപ് പി.എസ്.<br>ശ്രീമതി ഉമ എസ്. | 01.04.2018-22.11.2018<br>23.11.2018-31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ബിജു തോമസ് മാത്യു | 01.04.2018-31.03.19 |

**ഉള്ളടക്കം**


| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | വാർഷിക പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തര നിയന്ത്രണസംവിധാനം |
| 1-5 | ക്യാഷ് പരിശോധന |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-8 | പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല – വിവിധ ഫണ്ടിനങ്ങളിൽ 1 കോടി 73ലക്ഷത്തിലധികം രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത് മൂലം നഷ്ടമായി |
| 1-9 | വസ്തുനികുതി നിർണ്ണയിക്കൽ- "സഞ്ചയ"യിലെ അടിസ്ഥാന വിവരങ്ങൾ പൂർണ്ണമല്ല; കൃത്യതയില്ല- ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ല |
| 1-10 | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല |
| 1-11 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ ലൈസൻസില്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു |
| 1-12 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-അപാകതകൾ |
| 1-13എ | പഞ്ചായത്തിന്റെ മിച്ചഫണ്ട് – ആദായകരമായ വിധം നിക്ഷേപമാക്കിയില്ല – പലിശയിനത്തിൽ ലഭിക്കാമായിരുന്ന വൻതുക നഷ്ടമായി |
| 1-13ബി | ധനവിനിമയം ഇല്ലാത്ത തനതുഫണ്ട് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല |

| | |
|---|---|
| 1-14 | ശമ്പളപരിഷ്ക്കരണ/ ഡി.എ കുടിശിക നൽകിയത്- ആനുപാതികമായ എൻ.പി.എസ്.വിഹിതം ഒടുക്കിയില്ല. |
| 1-15 | ഗവ.സ്ക്കൂളുകൾക്ക് ബാലപ്രസിദ്ധീകരണങ്ങൾ വാങ്ങൽ - ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല |
| 1-16 | പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല |
| 1-17 | വീട് വാസയോഗ്യമാക്കൽ - സബ്സിഡിമാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നില്ല |
| 1-18 | അങ്കണവാടികൾക്ക് മെഡിസിൻ ബോക്സ് വാങ്ങൽ - കുറഞ്ഞ തുക കോട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചിട്ടില്ല. |
| 1-19 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ വിവരം ലഭ്യമല്ല |
| 1-20 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.നടപ്പിലാക്കിയ പ്രോജക്ടുകൾ – അനുബന്ധ രേഖകളുടെയും ഫയലുകളുടെയും പരിപാലനത്തിൽ വീഴ്ച |
| 1-21 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു |
| 1-22 | നരസിംഹപുരം കുടിവെള്ളപദ്ധതി- പൂർത്തിയാക്കിയിട്ടില്ല |
| 1-23 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല. |
| 1-24 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല. |
| 1-25 | ലൈഫ് ഭവന പദ്ധതി അവലോകനം |
| 1-26 | "അഗതി രഹിതകേരളം"പദ്ധതി പ്രവർത്തനം ചലഞ്ച് ഫണ്ട് വിഹിതം ലഭിയ്ക്കാത്തതിനാൽ ആരംഭിച്ചിട്ടില്ല |
| **ഭാഗം 2 - വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 3 - ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപം |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് 31.03.2019 തീയതിയിൽ |

| | |
|---|---|
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

21.3.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 30.1.2019ലെ 5(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 243569577/- രൂപയും, ആകെ ചെലവ് 160596150/- രൂപയും, നീക്കിയിരുപ്പ് 829734277/-രൂപയുമാണ്. പ്രധാന വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി എന്നീയിനങ്ങളിൽ ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും വാർഷികകണക്കുകൾ പ്രകാരം ലഭ്യമായ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് | വാർഷിക കണക്ക് പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| വസ്തുനികുതി | 15000000 | 9166621 | 5833379 |
| തൊഴിൽ നികുതി | 10000000 | 8283762 | 1716238 |

**ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.**

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | --- | 16068713 | 16068713 | 14097847 | 1970866 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | ----- | 6538000 | 6538000 | 2138597 | 4399403 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | ----- | 244000 | 244000 | 183300 | 60700 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | --- | 10304000 | 10304000 | 4616484 | 5687516 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | ---- | 3409000 | 3409000 | 2460377 | 948623 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | --- | 9435593 | 9435593 | 5139666 | 4295927 |
| പൊതുഅവശ്യഗ്രാന്റ് | --- | 12545797 | -- | 18176425 | മുന്നിരിപ്പ്/നീക്കിയിരിപ്പ് വിവരം കൃത്യമായി നിർണ്ണയിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>എൈ.സി.ഡി.എസ്.സെൻട്രൽ ഷെയർ | | 1469616 | 722614 | 2192230 | 841637 | 1350593 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ<br>സമ്പൂർണ്ണ ശുചിത്വ യജ്ഞം | | 912000 | 500,000 | 1412000 | --- | 1412000 |
| ഖരമാലിന്യനിർമ്മാർജ്ജനം | | 25000 | 901145 | 926145 | 0 | 926145 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 582452 | 582452 | 576444 | 6008 |
| | ജില്ലാ പഞ്ചായത്ത് | 0 | 593624 | 593624 | 561924 | 31700 |
| തനത് ഫണ്ട് | | ---- | 14488679 | | 8152633 | തനത് ഫണ്ട് വരവ് ചെലവ് തുകകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലുള്ള വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.ആയതിനാൽ തനത് ഫണ്ടിന്റെ മാത്രമായ നീക്കിയിരുപ്പ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല |

### എ) തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 175 | 80871 | 81046 | 80450 | 596 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | --- | 8536473 | --- | 8536473 | -- |

### ബി) ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26160 | 18 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3226200 | 242 |
| വിധവാപെൻഷൻ | 11941000 | 972 |
| വാർദ്ധക്യകാലപെൻഷൻ | 27110400 | 2207 |
| വികലാംഗപെൻഷൻ | 3877500 | 312 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 679900 | 53 |

## 1-3 വാർഷിക പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 17.01.2018 തീയതിയിൽ യോഗം ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 2018 ഫെബ്രുവരി മാസത്തിലെ വിവിധ തീയതികളിൽ യോഗം ചേർന്ന് കരട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 28.02.2018ലാണ്. ഗ്രാമസഭകൾ 20.5.2018 മുതൽ 28.05.2018 വരെ തീയതികളിലും ഊരുകൂട്ടം 14.6.2018ലും യോഗം ചേർന്ന് തൻവർഷത്തെ പ്രോജക്ടുകൾക്കുവേണ്ടി വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 29-01-2019ലെ 2(8) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അന്തിമ അംഗീകാരം 15-02-2019 ലെ 490/DPC/ DPO/KTM ഉത്തരവ് പ്രകാരം ലഭിച്ചു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 281 | 120988023 | 163 | 49763835 | - | 118 | |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം (സുലേഖ ചെലവ് പത്രിക പ്രകാരം) ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫിസർ | 7 | 7 | 2116334 | 1950666 | 92 |
| 2 | വെറ്ററിനറി സർജൻ | 5 | 4 | 1905000 | 962999 | 50.55 |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 6 | 5 | 765000 | 685225 | 89.57 |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 2 | 695000 | 519576 | 74.75 |
| 5 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 470096 | 437220 | 93 |
| 5 | വി.ഇ.ഒ | 14 | 10 | 20700500 | 8311246 | 40 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 4060851 | 3843458 | 94.6 |
| 7 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 500000 | 500000 | 100 |
| 8 | സെക്രട്ടറി | 39 | 28 | 31296973 | 9435069 | 30 |

| | | | | | | |
|---|---|---|---|---|---|---|
| 9 | അസിസ്റ്റന്റ് എൻജിനീയർ | 178 | 81 | 56592519 | 21470774 | 38 |
| 10 | ഹെഡ്മാസ്റ്റർ | 9 | 9 | 1060000 | 1011752 | 95.4 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 7 | 825750 | 635850 | 77 |
| **ആകെ** | | **281** | **163** | **120988023** | **49763835** | **41** |

പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമസഭകൾ നിർണ്ണായകപങ്ക് വഹിക്കുന്നില്ലായെന്ന് കാണുന്നു. നിയമാനുസൃതം ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ ചേരേണ്ടതാണെങ്കിലും ടി വ്യവസ്ഥ പാലിക്കുന്നില്ല.
വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിരുന്നുവെങ്കിലും ഒരുതവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളതെന്ന് മിനറ്റ്സ് ബുക്കുകളുടെ പരിശോധനയിൽ വ്യക്തമാകുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇത്തരം ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചിരുന്നില്ല. ഗ്രാമസഭകളുടെ മിനറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റുകൾ രേഖപ്പെടുത്തിയ പേജുകളിൽ കൂടുതൽ സ്ഥലം വിട്ടിട്ടുള്ളതായി കാണുന്നു. ആയത് ലിസ്റ്റിൽ അനധികൃത കൂട്ടിച്ചേർക്കലുകൾക്ക് ഇടവരുത്തുന്നതാണ്. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാതിരുന്നതുമൂലം തൻവർഷം 1കോടി 73 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്തിന് വിവിധ ഫണ്ടിനത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ, അടുത്ത വർഷത്തെ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതായ തുക സ്പിൽ ഓവർ പ്രോജക്ടുകൾക്കുവേണ്ടി ചെലവഴിക്കേണ്ടി വരുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളുടെ താളംതെറ്റുന്ന സ്ഥിതിവിശേഷമാണ് സംജാതമാകുന്നത്.(ഖണ്ഡിക 1-8 കാണുക) വികസനഫണ്ട് (എസ്.സി.പി) വിഭാഗത്തിൽ തൻവർഷം ലഭ്യമായ 6538000/- രൂപയിൽ 2138597/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാനായത്. 32.7% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എസ്.സി.പി.ഫണ്ട് ചെലവിലെ കുറവിന് കാരണം ഈ വിഭാഗത്തിലെ ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ വളരെ കുറവായതിനാലാണെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി. എസ്.സി ഫണ്ട് വിനിയോഗിക്കാൻ സാധിക്കാത്ത പക്ഷം ഈവിവരം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന വിവിധ ഫണ്ടുകളിൽ ഗണ്യമായ വിഹിതം വർഷാവസാനം ചെലവഴിക്കപ്പെടാതെ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെടുന്നത് മൂലമുള്ള അപരിഹാര്യമായ നഷ്ടം ഒഴിവാക്കേണ്ടതാണ്. (ഖണ്ഡിക 1-8 കൂടി കാണുക). വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വിവിധങ്ങളായ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നതിലുള്ള വീഴ്ച, വാങ്ങൽ പ്രോജക്ടുകളിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തത്, ഭൗതിക നേട്ടം കൈവരിക്കാത്തത്, വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുക യഥാവിധി വിനിയോഗിക്കപ്പെടാത്തത്, രേഖകളുടെയും ഫയലുകളുടെയും പരിപാലനത്തിലുള്ള വീഴ്ച തുടങ്ങിയവ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ളത് കൂടി കാണുക.

## 1-4 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തര നിയന്ത്രണസംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.
1) സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ വസ്തുനികുതി സംബന്ധിച്ച കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.
2) വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് ഫീ, ട്രേഡേഴ്സ് തൊഴിൽ നികുതി എന്നീ ഇനങ്ങളിലെ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.
3) നികുതി കുടിശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.
4) വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സാധിക്കാത്തതിനാൽ 1,73,63,035/- രൂപ വിവിധ ഫണ്ടിനങ്ങളിൽ നഷ്ടമായി.

## 1-5 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.2.2020 തീയതിയിൽ 3.35 പി.എം ന് അക്കൗണ്ടിന്റ് ശ്രീമതി ധന്യാ എസ്.ന്റെ

സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 23840/-രൂപ ക്യാഷ് നീക്കിയിരുപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.10.2019&28.10.2019 | 7/2019,8/2019.9/2019 | 5.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.3.2016 | 2011-12 മുതൽ 2015-16വരെ | എൽ.ബി. (എച്ച്.ക്യൂ) 11/8A-2435/38 തീ 31.5.16 |

## 1-7 വാർഷിക കണക്കുകളുടെ അവലോകനം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പഞ്ചായത്തിൽ ലഭ്യമായ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധന നടത്തി. വിവിധ ഇടപാടുകളുടെ അക്കൗണ്ടിങ്ങ് സംബന്ധിച്ച് നിലനിൽക്കുന്ന ന്യൂനതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11 നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ബി11 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വാഹനങ്ങളുടെ(vehicles)ആസ്തിമൂല്യം 2,61,235 രൂപയാണ്. എന്നാൽ പ്രസ്തുത ആസ്തിയുടെ മൂല്യശോഷണം ആസ്തിമൂല്യത്തേക്കാൾ കൂടിയ തുകയായിട്ടാണ് (2,87,359) രേഖപ്പെടുത്തിയിരിക്കുന്നത്.
3. വസ്തുനികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡി.സി.ബി. തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീസ് ഇനത്തിലുള്ള വരവ് കൂട്ടിയെഴുതിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനത്തിൽ RP4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.
5. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
6. ബാലൻസ്ഷീറ്റിൽ State Govt. Cesses/levies in Property Taxes Control amount എന്ന ശീർഷകത്തിലുള്ള തുക ആകെ വസ്തുനികുതി കുടിശ്ശികയുടെ 5% ആയിട്ടല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്.
7. ഓഡിറ്റ് റിക്കവറിയിനത്തിൽ 46,474/- രൂപ വരവു വന്നിട്ടുണ്ടെങ്കിലും ടി ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-8 പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല - വിവിധ ഫണ്ടിനങ്ങളിൽ 1 കോടി 73 ലക്ഷത്തിലധികം രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത് മൂലം നഷ്ടമായി

വികസനപ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റിനത്തിൽ ലഭ്യമായ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് തുടങ്ങിയവ വകയിരുത്തി വാർഷികപദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കി ആസൂത്രണസമിതി അംഗീകാരം നേടിയിരുന്നു. എന്നാൽ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുകയുണ്ടായില്ല. വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത സർക്കാർഗ്രാന്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റിനം | ബജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട്, ജനറൽ | 16068713 | 14097847 | 1970866 |
| എസ്.സി.പി. | 6538000 | 2138597 | 4399403 |

| | | | |
|---|---|---|---|
| ടി.എസ്.പി | 244000 | 183300 | 60700 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9435593 | 5139666 | 4295927 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 10304000 | 4616484 | 5687516 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3409000 | 2460377 | 948623 |
| ആകെ | | | 17363035 |

പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 1കോടി 73ലക്ഷത്തിലധികം രൂപയാണ്. കൂടാതെ 2018-19-ൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ 18 ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കാൻ വൈകിയതിനാൽ 3225369/- രൂപയുടെ 'ക്യൂ'വിലായ ബില്ലുകൾ 2019-20 സാമ്പത്തിക വർഷം മാറിയിട്ടുണ്ട്. ഇപ്രകാരം മാറിയ തുകകൾക്കായി 2019-20 വർഷത്തെ ഗ്രാന്റ് അലോട്ട്മെന്റുകളിൽ നിന്നാണ് കുറവ് വന്നിട്ടുള്ളത്. ഇതുമൂലം 3225369/- രൂപ തൻവർഷം പുതുതായി ഏറ്റെടുക്കാമായിരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്. ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ തുകകൾക്കുള്ള ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിയ്ക്കാത്തതിനാൽ ഫലത്തിൽ 20588404/- രൂപ ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമായി. പദ്ധതി ആസൂത്രണ/നിർവ്വഹണ പ്രക്രിയകൾ കാര്യക്ഷമമാക്കി ഇത്തരം നഷ്ടം ഭാവിയിൽ ഒഴിവാക്കാൻ ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-9 വസ്തുനികുതി നിർണ്ണയിക്കൽ- "സഞ്ചയ"യിലെ അടിസ്ഥാന വിവരങ്ങൾ പൂർണ്ണമല്ല; കൃത്യതയില്ല- ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ല

**1)** ഗ്രാമ പഞ്ചായത്തിലെ വിവിധ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ "സഞ്ചയ"യിൽ പരിശോധിച്ചതിൽ പല സംഗതികളിലും കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ, പ്രത്യേകിച്ചും വഴി സൗകര്യത്തിന്റെ വിവരങ്ങൾ, പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ലെന്ന് കാണുന്നു. ഉൾപ്പെടുത്തിയിട്ടുള്ളവയിൽ തന്നെ ധാരാളം അപാകതകളുള്ളതായി വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസിനായുള്ള അപേക്ഷകളിലെ വിവരങ്ങളുമായി ഒത്ത് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഏതാനും കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു .

**i)** 6/350 ബി നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ "സഞ്ചയ"യിൽ പരിശോധിച്ചതിൽ റോഡിന്റെ പേര് കെ.കെ.റോഡ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായും റോഡിന്റെ തരം 5 മീറ്ററോ അതിൽ കൂടുതലോ എന്ന വിഭാഗത്തിൽപ്പെടുത്തി നിർദ്ദിഷ്ട വർദ്ധനവ് നൽകിയിട്ടുള്ളതായും കാണുന്നു. എന്നാൽ, ഇതോടു ചേർന്നുള്ള 6/350 എ നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ റോഡിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല, റോഡിന്റെ തരം '1.5 മീറ്ററിൽ കൂടുതൽ' എന്ന വിഭാഗത്തിലാണ് .

**ii)** തിരുവഞ്ചൂർ വട്ടമൂട് റോഡിലുള്ള 19/170 നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ ടി റോഡിന്റെ തരം '1.5 മീറ്ററിൽ കൂടുതൽ 'എന്ന് ചേർത്തിരിക്കുന്നു. ഇതേ റോഡിൽ സ്ഥിതി ചെയ്യുന്ന 19/171 നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ ടി റോഡിന്റെ തരം '1.5 മീറ്ററിൽ താഴെ' എന്ന വിഭാഗത്തിൽ പെടുത്തി 10% കിഴിവ് നൽകിയിട്ടുള്ളതുമായി കാണുന്നു.

**iii)**കഞ്ഞിക്കുഴി-ഇറഞ്ഞാൽ-പാറമ്പുഴ റോഡിലുള്ള 4/45എ, ബി നം.കെട്ടിടങ്ങളുടെ കാര്യത്തിൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്നും 4/45സി, ഡി നം. കെട്ടിടങ്ങളുടെ കാര്യത്തിൽ 5 മീറ്ററിൽ കൂടുതൽ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**iv)** മോസ്കോ കവല റോഡിലുള്ള 4/423 എ,ബി,സി നമ്പർ കെട്ടിടങ്ങളിൽ 4/423 എ നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ വഴി സൗകര്യം 5 മീറ്ററിൽ കൂടുതലും മറ്റ് രണ്ട് കെട്ടിടങ്ങളുടെ കാര്യത്തിൽ അത് '1.5 മീറ്ററിൽ കൂടുതൽ 'എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**v)**കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രജി. ക്രമ നം | കെട്ടിട നം | കെട്ടിടം സ്ഥിതി ചെയ്യുന്ന/ സമീപത്തുള്ള റോഡ് | സഞ്ചയ പ്രകാരം റോഡിന്റെ തരം | സഞ്ചയയിൽ റോഡിന്റെ പേര് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 30 | 18/565 | കെ.കെ.റോഡ് | 1.5 മീറ്ററിൽ കൂടുതൽ | |
| 31 | 6/541 H | വടവാതൂർ-MRF റോഡ് | 1.5 മീറ്ററിൽ കൂടുതൽ | |
| 45 | 15/66 A | കെ.കെ.റോഡ് | 1.5 മീറ്ററിൽ കൂടുതൽ | |
| 51 | 6/384 | കെ.കെ.റോഡ് | 1.5 മീറ്ററിൽ കൂടുതൽ | 'സഞ്ചയ'യിൽ റോഡിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല |
| 161 | 7/565 B | കെ.കെ.റോഡ് | 1.5 മീറ്ററിൽ കൂടുതൽ | |
| 172 | 6/431 | കെ.കെ.റോഡ് | 1.5 മീറ്ററിൽ കുറവ് | |
| 332 | 7/492 C | കെ.കെ.റോഡ് | 1.5 മീറ്ററിൽ കൂടുതൽ | |
| 44 | 18/187 | കെ.കെ.റോഡ് | 1.5 മീറ്ററിൽ കൂടുതൽ | കളത്തിപ്പടി-പൊൻപള്ളി റോഡ് |
| 158 | 7/492 B | കെ.കെ.റോഡ് | 1.5 മീറ്ററിൽ കൂടുതൽ | കെ.കെ.റോഡ് |

വസ്തുനികുതി റിട്ടേൺ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ക്രമ നം.8ൽ റോഡിൽ നിന്നുള്ള പ്രവേശന മാർഗ്ഗത്തിന്റെ അടിസ്ഥാനത്തിലുള്ള വഴിസൗകര്യലഭ്യത എപ്രകാരം കണക്കാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശം പരിഗണിച്ചതായി കാണുന്നില്ല. വസ്തുനികുതി നിർണ്ണയത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നുള്ള പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് 20% വർദ്ധനവ് വരുത്തുന്നതിനും 1.5 മീറ്ററിൽ താഴെയുള്ള റോഡിൽ നിന്നുള്ള പ്രവേശനമാർഗ്ഗമുള്ള വീടുകൾക്ക് 10% ഇളവ് നൽകുന്നതിനും സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും 2013 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതിചട്ടങ്ങളും അനുശാസിക്കുന്ന എല്ലാ വിവരങ്ങളും ശരിയായി ഉൾപ്പെടുത്തിയാൽ മാത്രമേ "സഞ്ചയ" സോഫ്റ്റ്‌വെയറിലൂടെ വസ്തുനികുതി കൃത്യമായി നിർണ്ണയിക്കാൻ കഴിയൂ എന്നിരിക്കെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താത്തത് ക്രമവിരുദ്ധമാണ്. ഫീൽഡ് സന്ദർശനത്തിൽ പൂർണ്ണമായ വിവരങ്ങൾ ശേഖരിക്കാതിരിക്കൽ, അതോ ഡാറ്റാ എൻട്രിയിലെ പിഴവ്, 2011 ലെ വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 8 അനുശാസിക്കും പ്രകാരം റോഡുകളെയും നടപ്പാതകളെയും തരം തിരിച്ച് പരസ്യപ്പെടുത്തിയിട്ടുള്ളതിൻ പ്രകാരമുള്ള വിവരങ്ങൾ "സഞ്ചയ റോഡ് മാസ്റ്ററി"ൽ സെറ്റ് ചെയ്യാത്തത് തുടങ്ങിയ വീഴ്ചകൾ മൂലം വസ്തുനികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടാകുന്നതിനും ആയത് ആവർത്തന നഷ്ടമായി തുടരുന്നതിനുമുള്ള സാദ്ധ്യത നിലനിൽക്കുന്നു.

**2)** വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കലുമായി ബന്ധപ്പെട്ട പരിശോധനയിൽ കെട്ടിടങ്ങൾ അവയുടെ ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജി. ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | നിലവിലെ ഉപയോഗ ക്രമം | നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 40 | 19/154 | മുഹമ്മദ് ഫസൽ, ആലക്കപറമ്പിൽ | ഫർണിച്ചർ,മെത്ത വ്യാപാരം | കൈത്തൊഴിൽ ഷെഡ് |
| 48 | 4/124 | ജിബി ഫ്രാൻസിസ്, മണപ്പറമ്പിൽ | സ്റ്റിക്കർ പ്രിന്റിംഗ് | സ്റ്റോറേജ് ഷെഡ് |
| 49 | 4/122 | മേഴ്സി ഫ്രാൻസിസ്, മണപ്പറമ്പിൽ | സ്റ്റിക്കർ പ്രിന്റിംഗ് | തടി മിൽ |
| 50 | 4/123 | എം.ജെ.ഫ്രാൻസിസ്, മണപ്പറമ്പിൽ | സ്റ്റിക്കർ പ്രിന്റിംഗ് | കൈത്തൊഴിൽ ഷെഡ് |
| 85 | 8/428 | ജൂബി വർഗ്ഗീസ്, മന്ദിരം കഫേ | കാന്റീൻ | ആശുപത്രി |
| 135 | 10/478A | പ്രശാന്ത് എം.പി, മേലേടത്ത് | കമ്പ്യൂട്ടർ സർവ്വീസിംഗ് | സ്റ്റോറേജ് ഷെഡ് |
| 162 | 4/57 | ബിജു മാണി | റബർ കോമ്പൗണ്ട്, ഹവായ് സ്ട്രാപ്പ് നിർമ്മാണം | ലൈവ് സ്റ്റോക്ക് ഷെഡ് |
| 233 | 16/56 | രഞ്ജിത് ജോൺ, കുന്നപ്പള്ളിൽ | ക്യാന്റീൻ | ആശുപത്രി |
| 243 | 9/14 | സുനിൽ കുമാർ പി.ജി, ശാന്തിനിവാസ് | ഔഷധ നിർമ്മാണം | ആശുപത്രി |
| 285 | XI/492A | സാം കുര്യൻ, കളരിക്കൽ | ഓട്ടോമൊബൈൽ വർക് ഷോപ്പ് | സ്റ്റോറേജ് ഷെഡ് |

**3)** ഗവ.ആയുർവേദ ഡിസ്പെൻസറി പ്രവർത്തിക്കുന്ന XI/118 നമ്പർ കെട്ടിടത്തിന്റെ വാടകയിനത്തിൽ ഏകദേശം 5800/-രൂപ പ്രതിമാസം ടി കെട്ടിടത്തിന്റെ ഉടമസ്ഥരായ ക്രൈസ്തവാശ്രമം, മാങ്ങാനം എന്ന സ്ഥാപനത്തിന് നൽകിവരുന്നതായി വൗച്ചറുകളുടെ പരിശോധനയിൽ കാണുന്നു. എന്നാൽ, വിദ്യാഭ്യാസാവശ്യത്തിന് /സ്കൂൾ എന്ന ഗണത്തിലാണ് ടി കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

**4)** മൈക്രോ സ്മോൾ & മീഡിയം എന്റർപ്രൈസസ് ഡവലപ്മെന്റ് ആക്ട് 2006 ന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങളുടെ വിഭാഗത്തിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 19 കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിലുള്ളതായി കാണുന്നു. പ്രസ്തുത കെട്ടിടങ്ങളെ ടി ഗണത്തിൽ ഉൾപ്പെടുത്തുന്നതിന് ആധാരമായ രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5 തീയതി: 10.2.2020) മറുപടി ലഭിച്ചിട്ടില്ല. "സഞ്ചയ" യിലെ അപാകതകൾ പരിഹരിക്കുന്നതിന് ഐ.കെ.എം.ന് കത്ത് നൽകിയിട്ടുള്ളതാണ് എന്നാണ് എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചത്. എന്നാൽ സഞ്ചയയിലെ ഡേറ്റാ എൻട്രിയിലുള്ള പിഴവുകൾ പൂർണ്ണമായും പഞ്ചായത്ത് തലത്തിൽ പരിഹരിക്കേണ്ടതാണ്. അടിസ്ഥാന വിവരങ്ങൾ പൂർണ്ണമായും കൃത്യതയോടെയും ഉൾപ്പെടുത്താത്തതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാവുന്ന നഷ്ടം ഗൗരവതരമായി കാണേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി പരിശോധനക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷ വർഷം |
|---|---|---|
| 1 | വെൽഫാസ്റ്റ് ഹോസ്പിറ്റൽ, താന്നിക്കപ്പടി | ഒന്നാം അർദ്ധവർഷം |
| 2 | സോഫിയ ഇന്റർനാഷണൽ പബ്ളിക് സ്കൂൾ, മാങ്ങാനം. | ഒന്നാം അർദ്ധവർഷം |
| 3 | അക്ഷയ കാറ്ററിംങ് (എംആർഎഫ് ക്യാന്റീൻ), വടവാതൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | തിരുവഞ്ചൂർ ക്ഷീരസഹകരണസംഘം | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | ചിലം ചാനൽ, കളത്തിപ്പടി | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | പി & എൻ സിറാമിക്സ്, താന്നിക്കപ്പടി | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | തിരുവഞ്ചിയൂർ സർവ്വീസ് സഹകരണബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |

II.സ്ഥാപനതൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | എസ്.ബി.എെ.,മാങ്ങാനം | രണ്ടാം അർദ്ധവർഷം |
| 2 | യുണിഡാഡ് ടെക്നോ ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ്, വടവാതൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | പ്രോപ്പർട്ടി സൊലൂഷൻ ഇൻഡ്യ പ്രൈവറ്റ് ലിസിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മന്റസ്, വടവാതൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| | | |

| | | |
|---|---|---|
| 5 | ജൊവാൻസ് ഡിസൈൻ, കോട്ടയം | ഒന്നാം അർദ്ധവർഷം |
| 6 | പെന്റഗൺ സെക്യൂരിറ്റി & സർവ്വീസസ്, കളത്തിപ്പടി | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | ഇൻഡി ട്രേഡ് മൈക്രോഫിനാൻസ് ലിമിറ്റഡ്, മാങ്ങാനം | ഒന്നാം അർദ്ധവർഷം |
| 8 | ജാസ് എന്റർപ്രൈസസ്, കളത്തിപ്പടി | ഒന്നും രണ്ടും അർദ്ധവർഷം |
| 9 | തിരുവഞ്ചൂർ ക്ഷീരസംഘം | ഒന്നും രണ്ടും അർദ്ധവർഷം |
| 10. | തിരുവഞ്ചിയൂർ സർവ്വീസ് സഹകരണ ബാങ്ക്, പാറമ്പുഴ | ഒന്നും രണ്ടും അർദ്ധവർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6) മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നിലവിൽ അടയ്ക്കുവാൻ ബാക്കി നിൽക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-11 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവ ലൈസൻസില്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

2018-19 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ നിന്നും പരിശോധനക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ വ്യാപാരികളും, കള്ളുഷാപ്പുടമകളും, ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിച്ച് വരുന്നതായി വ്യക്തമായി. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതിയും 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് ഫീസും ഈടാക്കേണ്ടതുണ്ട്. റേഷൻ കടകളെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14) മറുപടി ലഭ്യമായില്ല. തൊഴിൽ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിക്കുന്നു. നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**<u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.</u>**

കേരള പഞ്ചായത്ത് രാജ് തൊഴിൽക്കരം നികുതി നിയമം 204 (i)എ(ii) അനുശാസിക്കുന്നത് അറുപതുദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവെ സ്വകാര്യമായോ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽക്കരം അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ പഞ്ചായത്തിൽ മരാമത്തുജോലി ചെയ്യുന്ന കരാറുകാർ തൊഴിൽനികുതി അടച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14) മറുപടി ലഭ്യമായില്ല. പഞ്ചായത്ത് പരിധിയിൽ ഉദ്യോഗം വഹിച്ച് നിശ്ചിത വേതനം കൈപ്പറ്റുന്ന ഏതൊരാളും തൊഴിൽക്കരം അടയ്ക്കാൻ ബാദ്ധ്യസ്ഥനായതിനാൽ കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-12 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ-അപാകതകൾ

1) തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണ് എന്നു കാണുന്നു.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് |
|---|---|---|---|
| 1 | 16 | 15/5 | നവീൻ ഫിലിപ്പ്, പോപ്പുലർ മോട്ടോഴ്സ് പ്രൈ.ലി |
| 2 | 145 | 10/157 | എൻ.പങ്കജാക്ഷൻ നായർ, നാറാണത്ത് മഠം |
| 3 | 86 | 6/424 B | അനിൽ ചാക്കോ, വടശ്ശേരിൽ |
| 4 | 284 | 9/347 | ശോഭനാ മാത്യു,ആന്തേരിൽ പ്രിന്റേഴ്സ് |
| 5 | 290 | 17/205 | രതീഷ് എൻ.വി., ഞാറയ്ക്കൽ |
| 6 | 342 | 13/23 B | റോജൻ ജോൺസ് മാത്യു, താഴത്ത് ബഥേൽ |

2) ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമവുമായി ബന്ധപ്പെട്ട പരിശോധനയിൽ ചില കെട്ടിടങ്ങൾ നിലവിലില്ലാത്തവയാണ് (Building Not Found) എന്നാണ് "സഞ്ചയ"യിൽ കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് |
|---|---|---|---|
| 1 | 5 | 14/638 G | ജോർജ് ജേക്കബ്ബ്, പുരയ്ക്കൽ ഫാഷൻസ് |
| 3 | 125 | XI/60 D | റ്റി. സദാനന്ദൻ, ബെസ്റ്റ് ബേക്കേഴ്സ് |
| 4 | 258 | 2/237A | അജീഷ് കെ.എസ്, കൊച്ചുപറമ്പിൽ |
| 5 | 285 | 9/492 A | സാം കുര്യൻ, കളരിക്കൽ |

3) 302-ാം നമ്പർ അപേക്ഷ പ്രകാരം 17/397 നമ്പർ കെട്ടിടത്തിൽ പലചരക്ക് വ്യാപാരം നടത്തുന്നതിന് ശ്രീ.കെ.എസ്.വാസുദേവൻ, കാർത്തികപ്പള്ളിയിൽ എന്നയാൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. അപേക്ഷയിൽ കെട്ടിടം സ്വന്തം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, "സഞ്ചയ" പ്രകാരം ടി കെട്ടിടത്തിന്റെ ഉടമ ശ്രീ.സി.ജെ.ഫ്രാൻസീസ്, ചന്ദനപ്പറമ്പിൽ എന്നയാളാണ്. അതുപോലെ, 276-ാം നമ്പർ അപേക്ഷയിൽ കെട്ടിട ഉടമസ്ഥനായി കരാറിലുള്ളത് ശ്രീ.വിനോദ് ജേക്കബ്ബ് ചെറിയാൻ എന്നയാളാണ് എങ്കിലും "സഞ്ചയ" പ്രകാരം ടി കെട്ടിടത്തിന്റെ ഉടമ ശ്രീ.സാനിച്ചൻ മാത്യു, മാധവത്ത് എന്നയാളാണ്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും, ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ളവയെന്ന് ഉറപ്പുവരുത്തുകയോ കെട്ടിടം നിലവിലുള്ളതാണോ എന്നോ കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ചോ ഉള്ള പരിശോധന സെക്ഷൻ തലത്തിലും സൂപ്പർവൈസറി തലത്തിലും നടത്തുന്നില്ല എന്നാണ് വ്യക്തമാവുന്നത്.

4) "സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 619 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 141 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 20 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 52 |
| 5 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 68 |
| 6 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 107 |
| 7 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 58 |

| | | |
|---|---|---|
| 8 | മൈക്രോ സ്മോൾ & മീഡിയം എന്റർപ്രൈസസ് ഡവ.ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനങ്ങൾ | 19 |
| | **ആകെ** | **1084** |

മേൽപ്പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട **1084** കെട്ടിടങ്ങളുണ്ടെങ്കിലും തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് **405** സ്ഥാപനങ്ങൾ (പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെ) മാത്രമാണ്. ഒന്നിലേറെ കെട്ടിടങ്ങളിൽ പ്രവർത്തിയ്ക്കുന്ന ചുരുക്കം സ്ഥാപനങ്ങളുണ്ടാവാമെന്നതും മേൽപ്പറഞ്ഞതിൽ ചുരുക്കം കെട്ടിടങ്ങൾ ഒഴിവായി കിടക്കുന്നുണ്ടാവാമെന്നതും കണക്കിലെടുത്താൽ തന്നെ ഇനിയും ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ട് എന്നത് വ്യക്തമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4 തീയതി: 10.2.2020) മറുപടി ലഭിച്ചിട്ടില്ല. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ച് ലൈസൻസ് നൽകേണ്ടതാണ്. അതുപോലെ, ഗ്രാമ പഞ്ചായത്തിലെ എല്ലാ വാണിജ്യ/വ്യവസായ/സേവന/ഇതര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അതനുസരിച്ച് ഗ്രാമ പഞ്ചായത്തിനുള്ളിൽ യാതൊരു സ്ഥാപനവും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-13 പഞ്ചായത്തിന്റെ മിച്ചഫണ്ട് ആദായകരമായവിധം നിക്ഷേപമാക്കിയില്ല – പലിശയിനത്തിൽ ലഭിക്കാമായിരുന്ന വൻതുക നഷ്ടമായി

(എ) 1996 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പഞ്ചായത്തിന് ഏതൊരുമിച്ച ഫണ്ടും കേരള ഗവ.സെക്യൂരിറ്റികളിലും ദേശീയ സമ്പാദ്യപദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലും ട്രഷറി ഡെപ്പോസിറ്റ് അക്കൗണ്ടിലും അല്ലെങ്കിൽ ഓഡിറ്റ് തരംതിരിവിൽ 'ബി'യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന് ട്രഷറിയിൽ 2.5 കോടി രൂപയുടെ നിക്ഷേപം ഉണ്ടെങ്കിലും ദേശീയ സമ്പാദ്യപദ്ധതി ഉൾപ്പെടെയുള്ള സർക്കാർ സെക്യൂരിറ്റികളിൽ മിച്ചഫണ്ട് നിക്ഷേപിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ തനതു ഫണ്ട് അക്കൗണ്ടുകളിലായി കോടിക്കണക്കിന് രൂപയുടെ നീക്കിയിരിപ്പ് ഉള്ള സാഹചര്യത്തിൽ പലിശയിനത്തിൽ വരുമാനം ലഭിക്കുന്നതിലേക്കായി ആദായകരമായവിധം മിച്ചഫണ്ട് നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. തനതുഫണ്ടിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | RP 40(a) പ്രകാരം മുന്നിരിപ്പ് | RP 40(b) പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1. | എസ്.ബി.ഐ.വടവാതൂർ | 2,12,15,138 | 3,38,26,599 |
| 2. | എസ്.സി.ബി. മാങ്ങാനം | 1,88,47,164 | 1,10,01,717 |
| 3. | ട്രഷറി റ്റി.എസ്.ബി. | 12,30,492 | 91,29,733 |

ക്രമ നം.(1), (2) അക്കൗണ്ടുകളിലായി ശരാശരി 4 കോടി രൂപയ്ക്കമേൽ നീക്കിയിരിപ്പ് (പ്രതിദിനം) സൂക്ഷിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. ആവശ്യമുള്ള തുക മാത്രം എസ്.ബി.അക്കൗണ്ടിൽ സൂക്ഷിച്ച് പലിശ വരുമാനത്തിലുണ്ടാകുന്ന ഗണ്യമായ നഷ്ടം ഒഴിവാക്കേണ്ടതാണ്.

(ബി) <u>ധനവിനിമയം ഇല്ലാത്ത തനതുഫണ്ട് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല</u>

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രികയിലെ RP-40(b) ഷെഡ്യൂളിൽ തനതു ഫണ്ട് അക്കൗണ്ടുകളിൽ 31.03.2019ൽ സീറോ ബാലൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടുകളിൽ ധനവിനിമയം നടത്തുന്നില്ലാത്തപക്ഷം ടി അക്കൗണ്ടുകൾ ഔദ്യോഗികമായി ക്ലോസ് ചെയ്യുന്നതിനും RP ഷെഡ്യൂളിൽ നിന്നും ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|
| 450210101 | നാഷണലൈസ്ഡ് ബാങ്ക് |

| | |
|---|---|
| 450210102 | എസ്.ബി.റ്റി.വടവാതൂർ |
| 450210103 | നാഷണലൈസ്ഡ് ബാങ്ക് |
| 450210104 | നാഷണലൈസ്ഡ് ബാങ്ക് |
| 450230102 | കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 450230103 | കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 450230104 | കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 450430101 | കോ-ഓപ്പറേറ്റീവ് ബാങ്ക് |

## 1-14 ശമ്പളപരിഷ്ക്കരണ/ഡി.എ കുടിശിക നൽകിയത്- ആനുപാതികമായ എൻ.പി.എസ്.വിഹിതം ഒടുക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തിന്റെയും ഡി.എ. വർദ്ധനവിന്റെയും കുടിശിക 2018-2019 വർഷം നൽകിയിരുന്നു. എന്നാൽ എൻ.പി.എസ്.ൽ അംഗങ്ങളായ താഴെപ്പറയുന്ന ജീവനക്കാരുടെ ശമ്പളക്കുടിശികയിൽനിന്ന് 10%നിരക്കിൽ എൻ.പി.എസ്.വിഹിതം ഈടാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വൗച്ചർ നമ്പർ/ തീയതി | ആകെ തുക |
|---|---|---|
| ശമ്പളപരിഷ്ക്കരണ കുടിശിക - 3-ാം ഗഡു | 21800066/19.4.2018 | 148805/- |
| ഡി.എ കുടിശിക | 21800265/2.7.2018 | 43755/- |
| ശമ്പളപരിഷ്ക്കരണ കുടിശിക - 4-ാം ഗഡു | 21800569/3.10.2018 | 168550/- |
| റേഷ്യോ പ്രൊമോഷൻ- ശമ്പള കുടിശിക | 21801158/11.2.2019 | 15635/- |

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, തസ്തിക | ശമ്പളപരിഷ്ക്കരണ കുടിശിക (3&4ഗഡുക്കൾ) | ഡി.എ കുടിശിക | പ്രൊമോഷൻ- ശമ്പള ക്കുടിശിക | ആകെ |
|---|---|---|---|---|---|
| 1. | ശ്രീമതി.സുജാത.കെ.ബി, ക്ലാർക്ക് | 11738/-<br>11208/- | 2427/- | - | 25373 |
| 2. | ശ്രീ.ജയൻ.കെ.ജെ, ഡ്രൈവർ | 5024/-<br>4796/- | 2115/- | 15635/- | 27570 |
| | ആകെ | 32766 | 4542 | 15635/- | 52943 |

എൻ.പി.എസ്. കോൺട്രിബ്യൂഷൻ ഇനത്തിൽ പ്രസ്തുത ജീവനക്കാരുടെ വിഹിതവും ഗ്രാമപഞ്ചായത്തിന്റെ വിഹിതവും ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് 13/11.02.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ജീവനക്കാരിൽനിന്ന് കുടിശിക തുകയ്ക്ക് ആനുപാതികമായി വിഹിതം ഈടാക്കേണ്ടതും തത്തുല്യമായ ഗ്രാമപഞ്ചായത്ത് വിഹിതം ഉൾപ്പെടെ ഒടുക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതുമാണ്.

## 1-15 ഗവ.സ്ക്കൂളുകൾക്ക് ബാലപ്രസിദ്ധീകരണങ്ങൾ വാങ്ങൽ- ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്തില്ല

| പ്രോജക്ട് നമ്പർ | എസ്.42/19 | എസ്.183/19 |
|---|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ | |
| അടങ്കൽ | 20000/- | 20000/- |
| ചെലവ് | 20000/- | 20000/- |
| ബിൽ നമ്പർ | 9/15.2.2019 | 1/18.7.2018 |

ഗ്രാമപഞ്ചായത്തിലെ ഗവ. സ്ക്കൂളുകൾക്ക് ആനുകാലിക ബാലപ്രസിദ്ധീകരണങ്ങൾ വാങ്ങി നൽകുന്നതിന് 2017-2018, 2018-2019 വർഷങ്ങളിൽ ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കു കോട്ടുചെയ്ത ശ്രീ.വിജുകമാർ കെ.എൻ., കുറുപ്പംചേരിൽ, കുമാരനല്ലൂർ എന്നയാളുടെ ടെൻഡർ

ആയിരുന്നു ഭരണസമിതി അംഗീകരിച്ചത്. 20000/- രൂപയുടെ അടങ്കൽ തുകയിൽനിന്ന് 10% കുറവുതുകയാണ് ടിയാൻ ക്വോട്ടുചെയ്തിരുന്നതെങ്കിലും ടെൻഡർ ഡിഡക്ഷൻ കുറവുചെയ്യാതെയാണ് രണ്ടു പ്രോജക്ടുകളിലും ടിയാന് തുക അനുവദിച്ചത്. ഇപ്രകാരം ടെൻഡർ ഡിഡക്ഷൻ കുറവുചെയ്യാതിരുന്നതിനാൽ ആകെ 4000/-രൂപ അധികം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് 3/07.02.2020 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് 22100/- രൂപയുടെ വീതം പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്തതെന്നും ആയതിന് 20000/-രൂപ വീതം മാത്രമാണ് അനുവദിച്ചതെന്നും മറുപടി നൽകി. ആകെ അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യേണ്ടിയിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക്ക് ബെയിലിംഗ് യൂണിറ്റ് സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിനായി 2017-18 വർഷം ക്ലീൻ കേരള കമ്പനിയുമായി 26.3.18-ൽ കരാറിൽ ഏർപ്പെട്ട് 525,000/-രൂപ കമ്പനിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. 2018-19 വർഷം 4171/-രൂപ (ബിൽ നം.2/18-19 തീ 26.7.18)യും കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ബെയിലിംഗ് യൂണിറ്റിന്റെ മെഷനറി സ്ഥാപിക്കുന്നതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോയെന്നും, മെഷനറി സ്ഥാപിച്ച് പ്രവർത്തനക്ഷമമാണോയെന്നും, അല്ലാത്ത പക്ഷം പഞ്ചായത്തിലെ ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് എപ്രകാരമാണ് നിർമ്മാർജ്ജനം ചെയ്യുന്നത് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.9/18-19 തീ 11.2.2020 നൽകിയതിന് മറുപടിയായി ഗ്രാമപഞ്ചായത്തിലെ വാർഡ് 17-ൽ താൽക്കാലിക എം.സി.എഫ് വയറിങ്ങ് ചെയ്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും, ക്ലീൻ കേരള കമ്പനി നാളിതുവരെ ബെയിലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ലെന്നും, ഇത് സംബന്ധിച്ച് കമ്പനിയ്ക്ക് കത്ത് അയച്ചതിന് മറുപടിയായി പുതിയ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബെയിലിംഗ് യൂണിറ്റ് സപ്ലൈ ചെയ്യുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിലെ ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് പള്ളം ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള അയർക്കുന്നത്തെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേയ്ക്ക് എല്ലാമാസവും കൈമാറുന്നുണ്ടെന്നും അറിയിച്ചിരുന്നു. പ്ലാസ്റ്റിക് ബെയിലിംഗ് മെഷ്യനായി തൻവർഷം ചെലവഴിച്ച 4171/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് എത്രയും വേഗം സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 വീട് വാസയോഗ്യമാക്കൽ -സബ്സിഡിമാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നില്ല

ജി.ഒ.(എം.എസ്)നം.22/2018/ത.സ്വ.ഭ.വ തീയതി 14.2.18 പ്രകാരം വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കാൻ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 1,00,000/- രൂപയും, പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 1,50,000/-രൂപയും സബ്സിഡി അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ ഗ്രാമപഞ്ചായത്ത് 30,000/- രൂപ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്കും, 40,000/-രൂപ പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്കുമായി വകയിരുത്തിയിട്ടുള്ളത്. തൻവർഷം ജനറൽ വിഭാഗത്തിൽ 67 ഗുണഭോക്താക്കൾക്കായിട്ട് 20,10,000/- രൂപ സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട് (പ്രോജക്ട് നം. S0040/19). പട്ടികജാതി വിഭാഗത്തിലെ 12 ഗുണഭോക്താക്കൾക്കായി 4,80,000/- രൂപയും സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട് (പ്രോജക്ട് നം.S0043/19). കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ കേവലം 30,000-40,000/-രൂപ ഉപയോഗിച്ച് വീട് വാസയോഗ്യമാക്കുക എന്ന പ്രവൃത്തി എത്രത്തോളം ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കി പദ്ധതി ധനസഹായം ഗുണപരമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. 2018-19 സാമ്പത്തികവർഷം വീട് മെയിന്റനൻസ് പ്രോജക്ടിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിന് 8 വർഷത്തിന്ശേഷമേ പിന്നീട് ആനുകൂല്യം ലഭിക്കുകയുള്ളൂ. സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിയ്ക്കാമെന്ന് നിഷ്കർഷിച്ചിട്ടുള്ള തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിയ്ക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 അങ്കണവാടികൾക്ക് മെഡിസിൻ ബോക്സ് വാങ്ങൽ- കുറഞ്ഞ തുക ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട്.നം. | SO 58/19 |
| അടങ്കൽ | 140000/-(തനതുഫണ്ട്) |

| | |
|---|---|
| ചെലവ് | 1,39,594/- |
| നിര്വ്വഹണോദ്യോഗസ്ഥന് | എെ.സി.ഡി.എസ്.സൂപ്പര്വൈസര് |
| ചെക്ക് നം.തീയതി | 2796129/01.02.19 |

മേല് പ്രോജക്റ്റ് പ്രകാരം അങ്കണവാടികള്ക്ക് മെഡിക്കല് ബോക്സ് വാങ്ങല് എന്ന പ്രോജക്ടിനു വേണ്ടി തനതുഫണ്ടില്നിന്ന് 1,39,594/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയല്പരിശോധിച്ചതില് ഈ പ്രോജക്ടിന്റെ നടത്തിപ്പിനായി ടെണ്ടര് ക്ഷണിച്ചതില് ആര്.ജെ.എന്റര്പ്രൈസ്, ഒളിംപ്യ എന്ജിനിയര് ആന്റ് സ്റ്റീല് ഫേബ്രിക്കേഷന്സ് എന്നീ സ്ഥാപനങ്ങള് യഥാക്രമം 3000/-, 3130/- രൂപ വീതം കോട്ട് ചെയ്തിരുന്നു. എന്നാല് 8.11.2018 ലെ 2/3-ാം നമ്പര് തീരുമാനപ്രകാരം രണ്ടു ടെണ്ടറുകള് മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന കാരണത്താല് സര്ക്കാര് അംഗീകൃത സ്ഥാപനത്തില് നിന്നും നേരിട്ട് വാങ്ങുന്നതിന് എെ.സി.ഡി.എസ് സൂപ്പര്വൈസറെ ചുമതലപ്പെടുത്തിയിരുന്നു. 35 മെഡിസിന് ബോക്സ് സിഡ്കോയില്നിന്ന് 3380/- രൂപ പ്രകാരം വാങ്ങിയിട്ടുണ്ട്. ഇതിനായി നല്കേണ്ടി വന്ന നിരക്ക് കുറഞ്ഞ ക്വട്ടേഷന് സമര്പ്പിച്ച ആര്.ജെ.എന്റര്പ്രൈസ് എന്ന സ്ഥാപനം സമര്പ്പിച്ച തുകയേക്കാള് 380/- രൂപ കൂടുതലാണ്. ഇത്രയും തുക വ്യത്യാസമുണ്ടായിട്ടും വിലയെ സംബന്ധിച്ച് സിഡ്കോയുമായി നെഗോഷിയേഷന് നടത്തിയതായി കാണുന്നില്ല. അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഒാഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7) സിഡ്കോയില്നിന്നും ലഭിച്ചിരുന്ന ഇന്വോയ്സില് കോട്ട് ചെയ്തിരുന്ന തുകയും കുറഞ്ഞ ടെണ്ടറില് രേഖപ്പെടുത്തിയിരിക്കുന്ന തുകയും സൂചിപ്പിച്ച് സിഡ്കോയ്ക്ക് നെഗോഷിയേഷന് കത്ത് നല്കിയതായും 10 രൂപ വീതം ഒാരോ മെഡിസിന് ബോക്സിനും ഇന്വോയ്സില് സൂചിപ്പിച്ചിരുന്ന തുകയില് നിന്നും കുറവ് ചെയ്ത് ഫൈനല് ബില് നല്കിയതായും വിശദീകരിച്ചിട്ടുണ്ട്. സാമ്പത്തിക വര്ഷാവസാനമായതിനാല് ട്രഷറിയില് ബില്ലുകള് മാറുന്നതിന് കടുത്ത നിയന്ത്രണം ഉണ്ടായിരുന്നുവെന്നും രണ്ടു വര്ഷത്തെ മാത്രം പദ്ധതി നിര്വ്വഹണചുമതല വഹിച്ചിട്ടുള്ളുയെന്നതിനാല് അനുഭവക്കുറവ്മൂലം ഉണ്ടായ അപാകത മാപ്പാക്കണമെന്നുമുള്ള മറുപടിയാണ് എെസിഡിഎസ് സൂപ്പര്വൈസര് ലഭ്യമാക്കിയത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടര് ഉണ്ടായിട്ടും ഉയര്ന്ന വിലയ്ക്ക് വാങ്ങിയ നടപടി ക്രമപ്രകാരമല്ല. പ്രസ്തുത അപാകതയിന്മേല് പഞ്ചായത്ത് കമ്മറ്റിയുടെ റിമാര്ക്സ് സഹിതമുള്ള മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 നിക്ഷേപ പ്രവൃത്തികള് - വിനിയോഗവിവരം ലഭ്യമല്ല

(എ) <u>കുടിവെള്ള പദ്ധതി പൈപ്പ് ലൈന് നീട്ടല്</u>

2018-19 വര്ഷം കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈന് നീട്ടല്, പുതിയവ സ്ഥാപിക്കല്, മറ്റ് അറ്റകുറ്റപണികള് എന്നീ പ്രവൃത്തികള്ക്കായി ജലവിഭവവകുപ്പില് നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരം ലഭ്യമല്ല. വിശദാംശങ്ങള് ചുവടെ ചേര്ക്കുന്നു.

| പ്രോജക്റ്റ് നം., പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബില് നം./ തീയതി |
|---|---|---|---|
| SOO12/19 | ധനകാര്യകമ്മീഷന് ഗ്രാന്റ് -500,000<br>തനത് ഫണ്ട്-700,000 | 395000/-(വാര്ഡ് 6 & വാര്ഡ് 18 പൈപ്പ് ലൈന് നീട്ടല്<br>105000(വാര്ഡ് 6) | ബില്നം.39/18-19 തീ 15.11.18<br>ബില്നം നം.44/18-19 തീ19.12.18 |
| | | 565000/-(തനത് ഫണ്ട്) | വൗച്ചര് നം. 21800918/18.12.18<br>ചെക്ക് നം. 766614/18.12.18 |
| | | 1065000 | |

മേല് പ്രവൃത്തികള് പൂര്ത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവഴിച്ച 10,65,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ബി) <u>തെരുവുവിളക്ക് ലൈന് ദീര്ഘിപ്പിക്കല് -പോസ്റ്റ് ഷിഫിറ്റിംഗ് പ്രവൃത്തികള്ക്കായി വൈദ്യുതി ബോര്ഡില് നിക്ഷേപിച്ച തുകയുടെ വിനിയോഗവിവരമില്ല</u>

പ്രോജക്റ്റ് നം.SOOO8/19

വകയിരുത്തിയ തുക

ധനകാര്യകമ്മീഷൻ ഗ്രാന്റ് -15,00,000/-

തനത് ഫണ്ട് -3,00,000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം -2,00,000

ആകെ അടങ്കൽ -20,00,000/-
ചെലവഴിച്ച തുക - 18,76,782/- (ബിൽ നം.28/18-19/16.10.18)

തെരുവുവിളക്കു ദീർഘിപ്പിക്കൽ പ്രവൃത്തിയ്ക്കായി ഇലക്ട്രിക്കൽ സെക്ഷൻ മണർകാട് നിക്ഷേപിച്ച 5,10,350/- രൂപയുടെ വിനിയോഗവിവരം ലഭിച്ചിട്ടില്ല. ആയതിനാൽ നിക്ഷേപിച്ച തുകയിൽ 5,10,350/- രൂപ വിനിയോഗവിവരം ലഭ്യമാകുന്നതുവരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.നടപ്പിലാക്കിയ പ്രോജക്ടുകൾ - അനുബന്ധ രേഖകളുടെയും ഫയലുകളുടെയും പരിപാലനത്തിൽ വീഴ്ച

**1)** പാലിയേറ്റീവ് കെയർ പദ്ധതി

പ്രോജക്റ്റ് നം: 24

അടങ്കൽ : 4,50,000/-

ചെലവ് : 4,14,462/-
(ബിൽ നം.1 :₹ 65805 തീയതി: 28.7.18 ;
ബിൽ നം.2 :₹55275 തീയതി:11.10.18;
ബിൽ നം.5 :₹55900 തീയതി:31.10.18;
ബിൽ നം.10 :₹47085 തീയതി: 5.2.19;
ബിൽ നം.11 :₹ 67786 തീയതി: 11.3.19;
ബിൽ നം.13 :₹ 65455 തീയതി:13.3.19 ;
ബിൽ നം.14 :₹39885 തീയതി:26.3.19 ;
ബിൽ നം.16 :₹17271 തീയതി:27.3.19)

(എ) പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി ബിൽ നം.5/18-19 പ്രകാരം 31.10.2018-ൽ എൻക്യാഷ് ചെയ്ത 55,900/- രൂപയുടെ ബില്ലും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ, 11.10.2018 തീയതിയിലെ ബിൽ നം.2/18-19 പ്രകാരം മാറിയ 55,275/-രൂപയുടെ ബില്ലിനൊപ്പം 2018 ജൂൺ 21, 22, 25, 26, 27, 28 തീയതികളിലെയും ജൂലൈ 2, 4, 5, 7, 9, 10, 12, 13 തീയതികളിലെയും ഡ്രൈവറുടെ ദിവസക്കൂലിയുടെ കൈപ്പറ്റ് രസീതുകളൊഴികെ മറ്റൊരു രേഖകളുമില്ല. മാത്രമല്ല, ടി തുക ആർക്കൊക്കെയാണ് വിതരണം ചെയ്തിട്ടുള്ളത്/ആരുടെയൊക്കെ അക്കൗണ്ടുകളിലേയ്ക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് എന്നു രേഖപ്പെടുത്തിയിട്ടുള്ള ബില്ലിന്റെ ഭാഗവും ലഭ്യമല്ല. മേൽപ്പറഞ്ഞതിൽ ജൂൺ 21, 25, 27 തീയതികളിലെ ദിവസക്കൂലി ബിൽ നം. 1/18-19 ( ₹65805 തീയതി 28.7.18) പ്രകാരവും നൽകിയിട്ടുള്ളതായാണ് കാണുന്നത്.

(ബി) ഹോം കെയർ രജിസ്റ്റർ, പാലിയേറ്റീവ് വാഹനത്തിന്റെ ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകളുമായി താരതമ്യം ചെയ്തതിൽ പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, 13.11.18, 15.11.18 തീയതികളിൽ ഹോം കെയർ രജിസ്റ്റർ പ്രകാരം രോഗീപരിചരണം നടത്തിയിട്ടുണ്ടെങ്കിലും വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകളില്ല. ലോഗ് ബുക്ക് പ്രകാരം 4.11.18 ൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും രജിസ്റ്റർ പ്രകാരം 5.11.18 തീയതിയിൽ നടത്തിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലോഗ് ബുക്ക് പ്രകാരം 29.05.18 ൽ പാലിയേറ്റീവ് പ്രവർത്തനങ്ങളുണ്ടെങ്കിലും ഹോം കെയർ രജിസ്റ്റർ പ്രകാരമില്ല.

(സി) പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ വക KL 05 AE 7261 നം.വാൻ "പണിക്ക് വർക് ഷോപ്പിൽ കൊണ്ടു പോയി" എന്ന് 24.7.2018-ൽ വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് 4.9.18 തീയതിയിലാണ് വാഹനം പാലിയേറ്റീവ് ആവശ്യത്തിന് ഉപയോഗിക്കുന്നത്. എന്നാൽ, 22.8.18 തീയതിയിൽ ടി വാഹനത്തിന് ഇന്ധനമടിച്ചയിനത്തിൽ ബിൽ നം. 1/18-19 ( ₹65805 തീയതി 28.7.18) പ്രകാരം 987/- രൂപ ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ, വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരുടെയും കൺട്രോളിംഗ് ഓഫീസറുടെയും പേര്/ ഒപ്പ്/ ഇനിഷ്യലുകൾ വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

**2)** സമഗ്ര രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

പ്രോജക്റ്റ് നം : 57

ഫണ്ടിനം – മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)
അടങ്കൽ : 1,35,000/-

ചെലവ് : 1,30,978/- (ബിൽ നം.9/18-19 തീയതി 21.02.19 – ₹1,13,888/-
(ബിൽ നം.15/18-19 തീയതി 26.03.19 – ₹10,990/-
(ബിൽ നം.17/18-19 തീയതി 27.03.19 – 6,100/-)

ടി പദ്ധതിയിൻ കീഴിൽ ലാബ് ചാർജിനത്തിൽ Dianova Diagnostics Pvt Ltd എന്ന സ്ഥാപനത്തിന് 61,618 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ സ്ഥാപനങ്ങൾ ടെണ്ടർ/ ക്വട്ടേഷൻ സമർപ്പിച്ചതിന്റെയോ ടി സ്ഥാപനത്തെ ലാബ് ടെസ്റ്റിംഗ് ജോലികൾക്കായി തെരഞ്ഞെടുത്തതിന്റെയോ രേഖകൾ ലഭ്യമല്ല.

**3)** <u>കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ സാമഗ്രികളും വാങ്ങൽ</u>

പ്രോജക്റ്റ് നം : 25
ഫണ്ടിനം – മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

അടങ്കൽ : 60,000/-

ചെലവ് : 59,991/- (ബിൽ നം.3/18-19 തീയതി 17.10.2018)

പി.എച്ച്.സി യിലെ കുടുംബാരോഗ്യ പ്രവർത്തനങ്ങൾക്കായി നിർദ്ദിഷ്ട സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ലഭ്യമായ ക്വട്ടേഷനുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ടി പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങളും പ്രോജക്റ്റ് നം : 68 പ്രകാരം ഫാർമസിയിലേയ്ക്ക് വാങ്ങിയ ലേസർ പ്രിന്ററും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ ഫയലുകളും അനുബന്ധ രേഖകളും തൃപ്തികരമായി പരിപാലിച്ചിട്ടില്ല. ബില്ലുകളും അനുബന്ധ രേഖകളും ഹാജരാക്കാത്തതാണ് ഓഡിറ്റ് പരാമർശങ്ങൾക്ക് കാരണമെന്ന് മനസ്സിലാക്കുന്നുവെന്നും അവ എത്രയും പെട്ടെന്ന് ഹാജരാക്കുന്നതിനും അതുപോലെ വാഹനത്തിന്റെ ലോഗ് ബുക്കിൽ വന്നിരിക്കുന്ന തെറ്റ് പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം തേടിയുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (നം.15 തീയതി:12.2.2020;നം.16 തീയതി:13.2.2020) മറുപടി നൽകിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഹോം കെയർ രജിസ്റ്ററിലെയും വാഹനത്തിന്റെ ലോഗ് ബുക്കിലേയും രേഖപ്പെടുത്തലുകളിൽ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

രേഖകളുടെ അഭാവത്തിൽ പാലിയേറ്റീവ് പദ്ധതിയ്ക്കായി ബിൽ നം.2, ബിൽ നം.5 എന്നിവ പ്രകാരമുള്ള യഥാക്രമം 55275/-, 55900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കൂടാതെ, പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനം വർക് ഷോപ്പിലായിരുന്ന സമയത്ത് (22.8.18തീയതിയിൽ) ടി വാഹനത്തിന് ഇന്ധനമടിച്ചയിനത്തിൽ ബിൽ നം. 1/18-19 ( ₹65805 തീയതി 28.7.18) പ്രകാരമുള്ള 987/- രൂപയുടെ ചെലവ് അംഗീകരിക്കാനാവാത്തതിനാൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകളിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ സമഗ്രരോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൻകീഴിൽ ഡയനോവ ഡയഗ്നോസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയ 61,618/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു

വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകകൾ ചെലഴിക്കാതെ തനത് ഫണ്ടിലും ഇവയ്ക്ക് പ്രത്യേകമായിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലും സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ (31.03.2019) ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100121 | ഐ.സി.ഡി.എസ്.കേന്ദ്രവിഹിതം | 1350593 |
| 2 | 320200319 | ഖരമാലിന്യനിർമ്മാർജ്ജനം | 926145 |
| 3 | 320300103 | സമ്പൂർണ്ണശുചിത്വയജ്ഞം | 1412000 |

| | | | |
|---|---|---|---|
| 4 | 320700204 | ബ്ലോക്ക് വിഹിതം(സംയുക്ത പ്രോജക്ട് ) | 6008 |
| 5 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം (സംയുക്ത പ്രോജക്ട്) | 31700 |
| 6 | 320900101 | നിർമ്മൽ പുരസ്കാരം | 250,000 |
| | | ആകെ | 3976446 |

വിവിധ ആവശ്യങ്ങൾക്കായി ഇതര സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന തുക വിനിയോഗിക്കാൻ കഴിയാത്തത് ഭരണപരമായ കാര്യക്ഷമതയിലെ കുറവ് മൂലമാണ്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/18-19)യ്ക്ക് മറുപടിയായി ക്രമനം.4, 5 എന്നിവ പ്രകാരം ലഭ്യമായതിൽ ബാലൻസ് തുക അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കുന്നതാണെന്നും, ക്രമനം.6ൽ ലഭ്യമായ നിർമ്മൽ പുരസ്കാരം നട്ടാശ്ശേരി ഗവ.യു.പി സ്കൂളിൽ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം എന്ന പ്രോജക്ടിനായി ഉപയോഗിച്ച് 2019-20 സാമ്പത്തിക വർഷം തന്നെ വിനിയോഗിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ക്രമനം.3 ൽ ശുചിത്വമിഷനിൽ നിന്നും ഒ.ഡി.എഫ്.നായി ലഭിച്ച 912000 രൂപ 2020-21 വാർഷികപദ്ധതിയിൽ പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഒ.ഡി.എഫ്.നായി ലഭിച്ച തുക ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ സാധിക്കുന്നില്ലായെങ്കിൽ തിരികെ അടവാക്കേണ്ടതാണ്.

## 1-22 നരസിംഹപുരം കുടിവെള്ളപദ്ധതി- പൂർത്തിയായിട്ടില്ല

വിജയപുരം ഗ്രാമ പഞ്ചായത്തിന്റെ 10-ാം വാർഡിലെ മാങ്ങാനം തേവർകുന്ന് ക്ഷേത്രം ഭാഗങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് ലക്ഷ്യമാക്കി 2018-19-ൽ രണ്ട് പ്രോജക്ടുകൾ നടപ്പാക്കി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നം. 189/19 (121/18)

ശ്രീ നരസിംഹപുരം കുടിവെള്ളപദ്ധതി

അടങ്കൽ- 2269339 രൂപ ( തനത് ഫണ്ട് )

ചെലവ്- 1455114 രൂപ ( ചെക്ക് നം. 21103/ 15.5.2019 )

(2017-18 ൽ ഒന്നാം പാർട്ട് ബിൽ പ്രകാരം 230661 രൂപ ചെലവഴിച്ചിട്ടുണ്ട്.)

കരാറുകാരൻ- സി.എ രാജു, ചകിരിപ്പാടം, മീനടം പി.ഒ

RCC വാട്ടർ ടാങ്ക് നിർമ്മാണം, കിണർ നിർമ്മാണം, 60mm പമ്പിംഗ് ലൈൻ സ്ഥാപിക്കൽ എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

2007-08 വാർഷിക പദ്ധതിയിൽപ്പെടുത്തി വടക്കേനട-പ്ലാപ്പള്ളിക്കടവ് റോഡിനോട് ചേർന്ന് പ്ലാപ്പള്ളിക്കടവിൽ ലഭിച്ച സ്ഥലത്ത് കുളവും, മുട്ടമ്പലം വില്ലേജിൽ ബ്ലോക്ക് നം. 23 (R) സർവ്വേ 104/2-1 ൽ ഉൾപ്പെട്ട 54.76m2 സ്ഥലത്ത് RCC ടാങ്കും 60m നീളത്തിൽ പമ്പിംഗ് ലൈനും സ്ഥാപിച്ചിട്ടുണ്ട്.

2) പ്രോജക്ട് നം. 215/19 (നരസിംഹപുരം കുടിവെള്ളപദ്ധതി പൂർത്തീകരണം )

അടങ്കൽ - 15,00,000/- രൂപ ( തനത് ഫണ്ട് )

ചെലവ്- 898781 രൂപ ( ചെക്ക് നം. 5353/ 2.7.2018 പ്രകാരം 790929 രൂപ കരാറുകാരന് നൽകി )

(രണ്ടാം പാർട്ട് ബിൽ ആയി 421052 രൂപ 2019-20 വർഷം ചെലവഴിച്ചിട്ടുണ്ട്).

കരാറുകാരൻ- M/S ഐസക് ആന്റ് സൺസ് വെൻചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്.

പ്രോജക്ട് പ്രകാരം നാളിതുവരെ ചെയ്ത പ്രവൃത്തി താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചെയ്ത അളവ് |
|---|---|---|
| 1 | 40mm 10kg/cm2 PVC പൈപ്പ് | 1450m |
| 2 | 50mm 10kg/cm2 PVC പൈപ്പ് | 1500m |
| 3 | 63mm 10kg/cm2 PVC പൈപ്പ് | 331.5m |
| 4 | 110mm 10kg/cm2 PVC പൈപ്പ് | 850m |
| 5 | Providing and fixing CI double acting valve 63mm | 2 Nos |
| 6 | Providing and fixing CI double acting valve 110mm | 1Nos |

പ്രോജക്ട് നം. 215/19 ന്റെ ഒറിജിനൽ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ, പമ്പ് സെറ്റ്, മീറ്റർ ബോർഡ് സ്ഥാപിക്കൽ എന്നീ ഇനങ്ങൾക്കായി 1,50,000/- രൂപ വകയിരുത്തിയിരുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇവ ഒഴിവാക്കിയതായി കാണുന്നു.

ടി രണ്ട് പ്രോജക്ടുകളിലായി 2017-18 ലെ 2,30,661/- രൂപയുടെ ചെലവുൾപ്പെടെ നാളിതുവരെ ആകെ 30,05,608/- രൂപ (230661 + 1455114 + 898781 + 421052) ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ളപദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ ഫിൽറ്ററിംഗ് യൂണിറ്റ്, ഇലക്ട്രിഫിക്കേഷൻ, പമ്പ് സെറ്റ്, മീറ്റർ ബോർഡ് എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. കുടിവെള്ളപദ്ധതി പൂർത്തിയാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല.

വിജയപുരം ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല.

കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ളത് 238/- രൂപയും ജി.എസ്.റ്റിയുമാണ്.

| ക്രമ നം | പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | 199/19 നെടുംപുഞ്ച കൊല്ലകൊമ്പ് റോഡ് പുനരുദ്ധാരണം. കരാറുകാരൻ- ജോമു പി ജേക്കബ്, പെരുമ്പളത്ത്, പാറമ്പുഴ. | 19 | വില-4522/- ജി.എസ്.ടി 18%-814 /- |
| 2 | 236/19 മധുരംചേരി-ഇറഞ്ഞാൽ ക്ഷേത്രം റോഡ് പുനരുദ്ധാരണം. കരാറുകാരൻ- പി.കെ.വിജയൻ, പഴയാത്ത്, വടവാതൂർ. | 12 | വില-2856/- ജി.എസ്.ടി 18% -514/- |
| 3 | 142/19 ഹോളിഫാമിലി-കുന്നുംകിടാരം റോഡ് പുനരുദ്ധാരണം. കരാറുകാരൻ- രാഹുൽ നാരായണൻ, കൈപ്പട്ടൂർചാലയിൽ, പാറമ്പുഴ. | 14 | വില-3332/- ജി.എസ്.ടി 18%-600/- |
| 4 | 238/19 ഗോപുരമുറ്റം-പെരിങ്ങള്ളൂർ റോഡ് പുനരുദ്ധാരണം. കരാറുകാരൻ- അനിൽ കെ. കുര്യൻ, നെച്ചിക്കാട്ട്, പാറമ്പുഴ | 14 | വില-3332/- ജി.എസ്.ടി 18%-600/- |
| 5 | 231/19 | 10 | വില-2380/- ജി.എസ്.ടി 18%-428/- |

| | | | |
|---|---|---|---|
| | തുരുത്തേൽ കവല പൂവത്തുംമൂട് റോഡ് പുനരുദ്ധാരണം കരാറുകാരൻ- അനിൽ കെ. കുര്യൻ, നെച്ചിക്കാട്ട്, പാറമ്പുഴ | | |
| | ആകെ | | ബാരൽ വില-16422+ജി. എസ്.റ്റി-2956 |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/11.2.2020) മറുപടി ലഭ്യമാക്കിയതിൽ ബാരൽവിലയും ജി.എസ്.ടി.യും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു. ബാരൽ വില 16422/- രൂപയും ജി.എസ്.റ്റി 2956/- രൂപയും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-24 കരാർ ചമയ്ക്കാൻ താമസിച്ചു - പിഴ ഈടാക്കിയിട്ടില്ല.

വിജയപുരം ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയേക്കണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയേക്കണ്ടത്.

| ക്രമ നം. | പ്രോജക്ട് നം./ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ ചമയ്ക്കാൻ നിർദ്ദേശിച്ച തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 171/19<br>കൊശമറ്റം കോളനിയിൽ ഓട നിർമ്മാണം | സുനിൽ കെ.എം, കുന്നേൽ, വടവാതൂർ | 13.08.18 | 5.11.18 | 651084 | 6511 |
| 2 | 72/19<br>ശാന്തിഗ്രാം തോപ്പിൽപ്പടി നടപ്പാത പുനരുദ്ധാരണം | പി.കെ വിജയൻ, പഴയാത്ത്, വടവാതൂർ | 13.08.18 | 31.08.18 | 649958 | 6500 |
| 3 | 96/19<br>വലിയപാറ പേരോത്ത് കുടിവെള്ളപദ്ധതി- കുളം സംരക്ഷണ ഭിത്തി | റോയി കുര്യക്കോസ്, നെച്ചിക്കാട്ട്, വടവാതുർ | 13.08.18 | 31.08.18 | 249941 | 2499 |
| 4 | 142/19<br>ഹോളിഫാമിലി- കുന്നുംകിടാരം റോഡ് പുനരുദ്ധാരണം | രാഹുൽ നാരായണൻ, കൈപ്പട്ടൂർചാലയിൽ, പാറമ്പുഴ | 13.08.18 | 17.10.18 | 299968 | 3000 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/11.2.2020-ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.4 ൽ പറയുന്ന പ്രവൃത്തിയുടെ ബില്ലിൽ നിന്നും 1% പിഴ ഈടാക്കിയിട്ടുണ്ട് എന്ന് അറിയിച്ചു. സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത മറ്റ് കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതാണെന്നും അറിയിച്ചു. പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി അവലോകനം

കേരളത്തിലെ മുഴുവൻ ഭൂരഹിത-ഭവനരഹിതർക്കും ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുവഴി കേരളത്തിന്റെ സാമൂഹിക പശ്ചാത്തല മേഖലയിൽ കാര്യമായ മാറ്റം ഉണ്ടാക്കുന്നതിനും, ഭവനരഹിതർക്ക് മാന്യവും സുരക്ഷിതത്വവുമുള്ള ഭവനം നൽകാൻ ആവിഷ്ക്കരിച്ച സമഗ്രമായ പദ്ധതിയാണ് ലൈഫ്. ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഭവനരഹിതരായവർക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)<u>ലൈഫ് ഭവനപദ്ധതി (ജനറൽ വിഭാഗം)</u>

പ്രോജക്ട് നം.SOO66/19

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട് | 3387000 | 3387000 |
| തനത് ഫണ്ട് | 5381924 | 181924 |
| ബ്ലോക്ക് വിഹിതം | 382452 | 382452 |
| ജില്ലാപഞ്ചായത്ത് വിഹിതം | 448624 | 448624 |
| ആകെ | 9600000 | 4400,000 |

ജനറൽ വിഭാഗത്തിൽ എഗ്രിമെന്റ് വച്ച് ഭവനനിർമ്മാണം ആരംഭിച്ച 13 ഗുണഭോക്താക്കളിൽ 10 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുകയായ 4,00,000/- രൂപ കൈപ്പറ്റിയതിന്റെ തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) <u>ലൈഫ് ഭവനനിർമ്മാണം പദ്ധതി (എസ്.സി.പി)</u>

പ്രോജക്ട് നം.SOO67/19

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട്(എസ്.സി.പി) | 3069250 | 400,000 |
| തനത് ഫണ്ട് | 130750 | -- |
| ആകെ | 3200000 | 400,000 |

എഗ്രിമെന്റ് വച്ച് ഭവനനിർമ്മാണം ആരംഭിച്ച ഒരു ഗുണഭോക്താവ് തൻ വർഷം തന്നെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

32 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ട് പ്രകാരം ആകെ 4,00,000/- രൂപ മാത്രമാണ് ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചത്. പട്ടികജാതി വിഭാഗക്കാർക്കായി വകയിരുത്തുന്ന തുകയിൽ വളരെ തുച്ഛമായ തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. എസ്.സി. വിഭാഗത്തിനായി തൻവർഷം വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വൈമുഖ്യം കാണിക്കുന്നു. ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്.

## 1-26 "അഗതി രഹിതകേരളം"പദ്ധതി പ്രവർത്തനം ചലഞ്ച് ഫണ്ട് വിഹിതം ലഭിയ്ക്കാത്തതിനാൽ ആരംഭിച്ചിട്ടില്ല

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതി രഹിതകേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ആശ്രയ പദ്ധതിയ്ക്ക് അനുവദിച്ചിട്ടുള്ള തുകകളിൽ അവശേഷിക്കുന്ന തുക അഗതിരഹിത കേരളം പദ്ധതിയ്ക്ക് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആശ്രയ 2-ാം ഘട്ട പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ടായിരുന്ന 5,99,781.09 രൂപ സിൻഡിക്കേറ്റ് ബാങ്ക് കഞ്ഞിക്കുഴി ശാഖയിലെ (A/C

N0.43572010007722)ലേയ്ക്ക് മാറ്റിയിട്ടുണ്ട്. 20.1.2020-ൽ പ്രസ്തുത അക്കൗണ്ടിൽ 406824.89 രൂപ നീക്കിയിരുപ്പുണ്ട്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.3.19 ലെ കെ.എസ്/എൽ/423/2019-ാം നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതി പ്രവർത്തനങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 75 ഗുണഭോക്താക്കളുണ്ട്. ആകെ അടങ്കൽ തുക 1,15,44,557/- രൂപയും ചലഞ്ച് ഫണ്ട് 24,94,557/- രൂപയുമാണ്. ചലഞ്ച് ഫണ്ട് ഒന്നാം ഗഡു തുക(831519) അനുവദിക്കേണ്ടത് മുൻബാക്കി 416062/- രൂപ കുറവ് ചെയ്തതിനു ശേഷം 4,15,457/- രൂപയാണ്. എന്നാൽ നാളിതുവരെ ചലഞ്ച് ഫണ്ട് തുക കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ചിട്ടില്ല. നിലവിൽ അക്കൗണ്ടിൽ ഉള്ള ബാലൻസ് തുക ഉപയോഗിച്ച് ഭക്ഷണവിതരണം മാത്രമാണ് ഇപ്പോൾ നടത്തി വരുന്നത്. ഭക്ഷണ വിതരണത്തിന് പ്രതിമാസം 49000-50000രൂപ നിരക്കിൽ തുക ചെലവഴിക്കുന്നുണ്ട്. ചലഞ്ച് ഫണ്ട് വിഹിതം അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

അഗതി കുടുംബങ്ങൾക്ക് നൽകേണ്ട പരിചരണ സേവനങ്ങളുടെ പ്രോജക്ട് തയ്യാറാക്കി അഗതിരഹിത കേരളം എന്ന പദ്ധതിയുടെ പൂർണ്ണലക്ഷ്യം കൈവരിയ്ക്കാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം/തീയതി |
|---|---|---|
| 2018-19 | 27.05.2019 – 28.05.2019 | കെഎസ്എ.കെടിഎം.പി.12/737/19/ 03.06.19 |

### 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 1176076/- രൂപയാണ് 2018-19 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 9.8.2018 | 200,000/- | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻ(8/19) | 193992/- | 6008 |
| | 25.9.2018 | 382452/- | ലൈഫ് ഭവനനിർമ്മാണം(66/19) | 382452/- | ഇല്ല |
| ജില്ലാപഞ്ചായത്ത് | 26.3.2019 | 145000 | സ്ക്കോളർഷിപ്പ്(21/19) | 113300 | 31700 |
| | 13.11.2018 | 448624 | ലൈഫ് ഭവനനിർമ്മാണം(66/19) | 448624 | ഇല്ല |
| ആകെ | | 1176076 | | 1138368 | 37708 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

വിജയപുരം ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കോട്ടയം ജില്ലയിലെ വിവിധ നിർവ്വഹണ ഏജൻസികളിൽ 2947900/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിക്ഷേപിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 6-ാം വാർഡിൽ തേമ്പ്രവാൽ റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നത് | 6118/- | 17.11.2017 | ഇല്ല | 6118/- |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ & പോസ്റ്റ് ഷിഫ്റ്റിങ്ങ് SO008/19 | 144620 | 30.08.18 | 144620 | ഇല്ല |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ & പോസ്റ്റ് ഷിഫ്റ്റിങ്ങ് SO008/19 | 816646 | 12.09.18 | 816646 | ഇല്ല |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ& പോസ്റ്റ് ഷിഫ്റ്റിങ്ങ് SO008/19 | 510350 | 16.10.18 | ഇല്ല | 510350 |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ& പോസ്റ്റ് ഷിഫ്റ്റിങ്ങ് SO008/19 | 74222 | ,, | 74222 | -- |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ& പോസ്റ്റ് ഷിഫ്റ്റിങ്ങ് SO008/19 | 60416 | | 60416 | |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ& പോസ്റ്റ് ഷിഫ്റ്റിങ്ങ് | 193992 | | | 193992 |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ& | 9170 | | 9170 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | പോസ്റ്റ് ഷിഫ്റ്റിങ്ങ് | | | | |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ& പോസ്റ്റ് ഷിഫ്റ്റിങ്ങ് SO008/19 | 12111 | 30.01.19 | 12111 | ഇല്ല |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ& പോസ്റ്റ് ഷിഫ്റ്റിങ്ങ് | 16273 | 25.02.19 | | 16273 |
| | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ& പോസ്റ്റ് ഷിഫ്റ്റിങ്ങ് SO008/19 | 38982 | | | 38982 |
| വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (12/19) | 395000<br>105000<br>565000 | 19.12.2018 | | 1065000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2018-19 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും എടുത്തിട്ടില്ല. 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരം വായ്പയിനത്തിൽ പഞ്ചായത്തിന് ബാധ്യത ഇല്ല.

## 4-6 സ്ഥിരനിക്ഷേപം

ഗ്രാമപഞ്ചായത്തിന്റെ സ്ഥിരനിക്ഷേപങ്ങളുടെ 2018-19 വർഷത്തെ വിനിമയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 25,000,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25,000,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000,000/- |

31.03.2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 (സാംഖ്യ കണക്ക് ശീർഷകം 420800101-Investments – Fixed Deposits) പ്രകാരമുള്ള സ്ഥിരനിക്ഷേപമായി അവശേഷിക്കുന്ന 2.5 കോടി രൂപയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം (നം./തീയതി) | സ്ഥിരനിക്ഷേപ അക്കൗണ്ട് നം. | തുക(രൂപ) | ബാങ്ക്/ ട്രഷറി | കാലാവധി (Due Date) | പലിശ % |
|---|---|---|---|---|---|
| Term Deposit Certifiacte No. 202548/07.02.2018 | TFD 799010500622786 | 1.5 കോടി | സബ്ട്രഷറി കോട്ടയം | 07.02.2020 | 8.5 % |
| Term Deposit Certifiacte No. 202548/07.02.2018 | TFD 799010500622785 | 1 കോടി | സബ്ട്രഷറി കോട്ടയം | 07.02.2020 | 8.5 % |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കിയ തുക | രസീത് നം./ തീയതി |
|---|---|---|---|---|
| 2014-15 | 2-6-3 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (ചെറിയാൻ കെ.കെ., കൊല്ലകൊമ്പിൽ, വടവാതൂർ) | 330 | 118010106821/ 24.01.2019 |
| ,, | 2-6-2 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി ( അനിൽകുമാർ, ആശാരിപറമ്പിൽ വടവാതൂർ) | 281 | 118010106821/ 24.01.2019 |
| ,, | 2-6-5 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (റോയി സി.ചാക്കോ, കളപ്പുരയ്ക്കൽ, വടവാതൂർ) | 605 | 118010106913/ 30.01.2019 |
| ,, | 2-7-2 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (ഫാ.ജോർജ് കോലത്ത്, TRADA, മാങ്ങാനം | 1001 | 118010106936/ 30.01.2019 |
| ,, | 2-7-6 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (റോയി സെൻ, തോപ്പിൽ, വടവാതൂർ) | 1012 | 118010106986/ 31.01.2019 |
| ,, | 2-7-4 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (അബ്രാഹം, തൈമുട്ടത്തിൽ, പാറമ്പുഴ, കോട്ടയം) | 333 | 118010106993/ 31.01.2019 |
| ,, | 2-7-3 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (വിനോദ് കെ.കെ. പുത്തൻപുരയ്ക്കൽ വടവാതൂർ) | 172 | 118010107010/ 01.02.2019 |
| ,, | 2-6-1 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (സൗമ്യ ഡിൽജിത് കണിയാംപറമ്പിൽ മാങ്ങാനം) | 713 | 118010107028/ 01.02.2019 |

| | | | | |
|---|---|---|---|---|
| ,, | 3-3 | ഡോ.രാജേഷ് മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 2600 | 118010107048/ 02.02.2019 |
| ,, | 2-7-1 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (ദിലീപ് ചെറിയാൻ പള്ളത്ത്, മാങ്ങാനം) | 116 | 118010107075/ 04.02.2019 |
| ,, | 2-7-12 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (സാബു ആന്റണി &ടെസ് ആന്റണി, പറയകാട്ടിൽ, മാങ്ങാനം) | 145 | 118010107087/ 05.02.2019 |
| ,, | 2-7-11 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (കുഞ്ഞമ്മ ജേക്കബ്, ഒറപ്പൻകുഴിയിൽ, ആനത്താനം, മാങ്ങാനം) | 590 | 118010107093/ 05.02.2019 |
| ,, | 2-7-8 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (റ്റി.പ്രസാദ് കുമാർ, ഔമശ്ശേരിൽ, മാങ്ങാനം) | 280 | 118010107116/ 05.02.2019 |
| ,, | 2-7-13 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (സഞ്ജു പി.രാഘവൻ, കല്ലുപുരയ്ക്കൽ, മാങ്ങാനം) | 140 | 118010107136/ 06.02.2019 |
| ,, | 2-7-7 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (ഏലിയാമ്മ വർഗ്ഗീസ്, അരാനിൽ, വടവാതൂർ) | 714 | 1180101007147/ 06.02.19 |
| ,, | 2-7-9 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (ജുബൈന, പാക്കൽ വീട്, മാങ്ങാനം) | 308 | 118010107198/ 06.02.2019 |
| ,, | 2-7-4 | പി.ജെ.ജോസ്കുഞ്ഞ്, സെക്രട്ടറി (പ്രിയ സെൽവരാജ്, | 680 | 118010107321/ 14.02.2019 |

| | | | | |
|---|---|---|---|---|
| | | കണ്ണമ്പലം, മുട്ടമ്പലം) | | |
| ,, | 3-1 | ഡോ.രാജേഷ് മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 10000 | 118010107049/ 02.02.2019 |
| 2007-08 | 3-3 | ബിജു തോമസ് മാത്യു അസിസ്റ്റന്റ് സെക്രട്ടറി വിജയപുരം ഗ്രാ.പ | 13680 | 118010101634/ 31.05.2018 |
| ,, | 3-3 | എ.കെ.ഷൈലജ, സെക്രട്ടറി (നെൽസൺ എസ്., സെക്രട്ടറി (റിട്ട.) | 4330 | 118110106068/ 24.12.2018 |
| ,, | 3-3 | എ.കെ.ഷൈലജ, സെക്രട്ടറി (നെൽസൺ എസ്., സെക്രട്ടറി (റിട്ട.) | 800 | 118110106068/ 24.12.2018 |
| 1999-00 | 4 | തോമസ് രാജൻ, സെക്രട്ടറി, വിജയപുരം ഗ്രാ.പ | 60 | 118010106376/ 11.01.2019 |
| 2005-06 | 3-1(എ) | റ്റി.ജെ.ജോർജ്, സെക്രട്ടറി (ചെയർപേഴ്സൺ/ മെമ്പർ സെക്രട്ടറി, കുടുംബശ്രീ) | 5000 | 118010500024/ |
| ആകെ | | | 43890 | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**<u>എ) സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 12,22,41,901 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,74,65,315 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| (സർചാർജ് ചെയ്യാവുന്നത്) | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,52,314 |

**(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം** -

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 4,171 | ശ്രീ.അനൂപ് പി.എസ്., വി.ഇ.ഒ. |
| 1-19 | 10,65,000 | ശ്രീമതി ബിന്ദു പി.വി., സെക്രട്ടറി |
| 1-19(എ) | 5,10,350 | ശ്രീമതി ബിന്ദു പി.വി., സെക്രട്ടറി |
| 1-20 | 1,72,793 | ഡോ.ഷീജാ തങ്കപ്പൻ<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 1752314 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.01.2020 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 &1991-92 | എൽ.എഫ്.കെ.പി3-809/95/ 05.01.1996 | - |
| 1992-93,1993-94, 1994-95,1995-96 | എൽ.എഫ്.കെ.പി11-730/അദാ/14/ 28.11.2014 | 1 |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി11-730/അദാ/14/ 28.11.2014 | 4 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി11-699/അദാ/14/ 28.03.2015 | 1 |
| 1999-00(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(3)/18/ 19.02.2018 | 22 |
| 1999-00(വരവ്) | എൽ.എഫ്.കെ.പി11-730/അദാ/14/ 28.11.2014 | 4 |
| 2000-01 & 2001-02(Plan) | എൽ.എഫ്.കെ.പി11-730/അദാ/14/ 07.01.2015 | 5 |
| 2003-04 | എൽ.എഫ്.കെ.പി11-578/15/ 01.08.2015 | 1 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(4)/18/ 19.02.2018 | 6 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(5)/18/ 19.02.2018 | 4 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി12/13/2020 തീയതി 10.02.2020 | 6 |
| 2007-08 | എൽ.എഫ്.കെ.പി1-960/അദാ/J1/11(11)/ 22.08.2011 | 16 |
| 2008-09 | എൽ.എഫ്.കെ.പി11-272/12/ 10.01.2013 | 5 |
| 2009-10 | എൽ.എഫ്.കെ.പി11-273/12/ 10.01.2013 | 12 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(7)/18/ 16.02.2018 | 23 |
| 2011-12 | എൽ.എഫ്.കെ.പി11-957/13/ 10.02.2014 | 19 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11-1084/15/ 11.09.2015 | 19 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11-781/16/ 18.08.2016 | 18 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/1370/17/ 30.05.2017 | 29 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12/599/17/ 18.12.2017 | 33 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1476/17/ 28.12.2017 | 21 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി12-1270/19/ 26.4.2019 | 16 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

<u>അനുബന്ധം 1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ-കെ.ടി.എം.പി.12/186/2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 16.03.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഒാഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഒാഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഒാഡിറ്റർ ജനറൽ നിർദേശിച്ച ഒാഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **വിജയപുരം ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വിജയപുരം ഗ്രാമപഞ്ചായത്തിന്റെ** 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്,**
**ജില്ലാ ഒാഡിറ്റ് കാര്യാലയം, കോട്ടയം**